# മെത്രാപ്പോലീത്തായുടെ കത്ത്

**ഫെബ്രുവരി 2018**



കർത്താവിൽ പ്രിയരേ,

ഭാരതമണ്ണിൽ ബ്രിട്ടീഷ് സാമ്രാജ്യം നടത്തിയ അധിനിവേശത്തിന തിരെ മഹാത്മജിയുടെ നേതൃത്വത്തിൽ നടന്ന അഹിംസാധിഷ്ഠിത പോരാട്ടത്തിന്റെ ഫലമായിട്ടാണ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കൈവന്നത്. അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി ആയിരുന്ന ക്ലെമന്റ് ആറ്റ്ലിയുടെ ആദർശപരമായ നിലപാടുകളും ലേബർ പാർട്ടിയുടെ വിജയവും ഐതിഹാസികമായ ഈ അധികാര കൈമാറ്റത്തിന് ആക്കം കൂട്ടിയെന്നത് ഒരു ചരിത്ര വസ്തുതയാണ്. ബ്രിട്ടീഷ് ജനതയുടെ മൂല്യാധിഷ്ഠിത ജനാധിപത്യത്തോടുള്ള ആഭിമുഖ്യവും ഇതിനു പ്രേരണയായിത്തീർന്നു. മഹാത്മാഗാന്ധിക്ക് ഇംഗ്ലണ്ടിൽ വച്ച് പഠനകാലയളവിൽ ലഭിച്ചതായ ദർശനങ്ങൾ ഒരു മൂല്യാധിഷ്ഠിത ജനാധിപത്യ ദർശനത്തിന് അടിത്തറ പണിതു എന്നതും ഒരു യാഥാർത്ഥ്യമത്രെ. കഴിഞ്ഞ നൂറ്റാണ്ടിന്റെ ഒന്നാം ദശകത്തിൽ ഇംഗ്ലണ്ടിലെ പഠനകേന്ദ്രങ്ങൾ ഉന്നതമായ ആശയങ്ങളുടെയും ദർശനങ്ങളുടെയും സംവാദകേന്ദ്രങ്ങളായിരുന്നു. ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാകാൻ പോകുന്നുവെന്ന വലിയ സ്വപ്നം അവരുടെ ഭാവനകളിൽ നിറഞ്ഞു നിന്നിരുന്നു. നമ്മുടെ മലയാള കവി ജി. ശങ്കരക്കുറുപ്പ് ഈ പ്രതിഭാസത്തെ കണ്ട്, ഒരു സ്വനഗ്രാഹിയിൽ കൂടി ഒഴുകി വരുന്ന ഗീതങ്ങൾ നമ്മുടെ ചിന്തയുടെ അന്തരീക്ഷത്തെ ധന്യമാക്കി തീർക്കുന്നത് കണ്ടപ്പോൾ ആവേശഭരിതനാവുകയുണ്ടായി. ആ നിർവൃതിയോടു കൂടി ഒരു ദിവസം മദ്ധ്യാഹ്ന സൂര്യന്റെ ചൂടിൽ നിന്ന് ആശ്വാസം കണ്ടെത്താൻ ഒരു വൃക്ഷത്തണലിൽ വിശ്രമിക്കുമ്പോൾ ഒരു പൈങ്കിളി, മനുഷ്യന്റെ പ്രതീക്ഷകളെ ചോദ്യം ചെയ്യുന്ന രീതിയിൽ പാടുന്നത് ഭാവനയിൽ കണ്ട അദ്ദേഹം അതിനു മറുപടിയായി കിളിയോട് പറയുന്നതായി രേഖപ്പെടുത്തിയ കവിതാശകലം പണ്ടു പഠിച്ചത് ഇന്നും ഓർമ്മയിൽ നിന്ന് മാഞ്ഞു പോയിട്ടില്ല.

"നിർജ്ജീവയന്ത്രങ്ങൾ താനെ
സ്ഫുടാക്ഷരഗീതങ്ങൾ
വായുവിൽ ചിന്നിടുമ്പോൾ
മായാവിമോഹമോ,
മാനുഷ്യനോമനേ
നിൻമധുവാണികൾ തൂകിയാലും"

പൈങ്കിളിയുടെ പാട്ടിന് നൽകിയ ഒരു പ്രത്യുത്തരമത്രെ ഇത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനം പ്രശസ്ത എഴുത്തുകാരനായ ഇ.എം കോവൂർ പറഞ്ഞു- 'നാമിന്നു മോഹഭംഗത്തിന്റെ പടവിലാണ് നിൽക്കുന്നത്". ഈ അവസ്ഥയിൽ നിന്നാണ് ഇരുപത്തൊന്നാം നൂറ്റാണ്ട് പുതുപ്രതീക്ഷകളുമായി ഉദയം ചെയ്തത്. നമ്മുടെ രാജ്യം 69-ാം റിപ്പബ്ലിക് ദിനം ആഘോഷിക്കുമ്പോൾ മങ്ങിപ്പോയ പ്രതീക്ഷകളെ പുനരുജ്ജീവിപ്പിക്കാൻ നിശ്ചയമായും നമുക്ക് കഴിയേണ്ടതുണ്ട്.

2018ലെ പുതുവർഷ പുലരിയുടെ ഈ നാളുകളിൽ നമുക്ക് ലഭിച്ച ഒരു സുവാർത്തയത്രെ 2018ലെ രാഷ്ട്രപതിയുടെ പത്മഭൂഷൺ അവാർഡ് മലങ്കര സഭയുടെ നർമ്മഭൂഷൺ എന്ന് വിശേഷിപ്പിക്കാവുന്ന നമ്മുടെ അഭി. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പൊലീത്താ തിരുമേനിയ്ക്ക് ലഭിക്കുന്നു എന്നത്. ക്രിസോസ്റ്റം തിരുമേനിക്ക് രാഷ്ട്രത്തിന്റെ ആദരവായി പത്മഭൂഷൺ നൽകപ്പെടുന്നു എന്ന വാർത്തയെത്തുടർന്ന് നമ്മുടെ കേന്ദ്രമന്ത്രി ശ്രീ അൽഫോൻസ് കണ്ണന്താനം നമ്മുടെ വലിയ തിരുമേനിയെ വിളിച്ച് അഭിനന്ദനം അറിയിച്ചപ്പോൾ ക്രിസോസ്റ്റം തിരുമേനി പറഞ്ഞ മറുപടി തിരുമേനിയുടെ സ്വതസിദ്ധമായ നർമ്മശൈലിയുടെ ഒരു തെളിവു കൂടിയാണ്. തിരുമേനി പറഞ്ഞു - "ഒരു കേന്ദ്രമന്ത്രി വിളിച്ചത് കൊണ്ട് ഇത് വാങ്ങിയതുമല്ല, മോഷ്ടിച്ചതുമല്ല എന്ന കാര്യത്തിൽ ആർക്കും ഇനി സംശയം ഉണ്ടാവുകയില്ല" എന്ന്. തിരുമേനിയുടെ ജീവിതം കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭം തൊട്ടുള്ള സാംസ്കാരിക പൈതൃകം ഏറ്റു വാങ്ങുന്നതായിരുന്നു. ജലാർപ്പേട്ടിൽ പോർട്ടർമാരുടെ ജീവിതയാതനകളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രയത്നിച്ചതും കർണ്ണാടകത്തിന്റെ തീരപ്രദേശങ്ങളിൽ മത്സ്യതൊഴിലാളികളോടുള്ള പ്രതിബദ്ധതയിൽ പ്രവർത്തിച്ചതും എല്ലായ്പ്പോഴും തന്നോടൊപ്പം ഭാഗ്യവാന്മാരല്ലാത്തവരെ കൂടി അനുകമ്പയോടു കൂടി കരുതുന്ന പ്രവർത്തന ശൈലിയും ക്രിസോസ്റ്റം തിരുമേനിയെ സദ്ഗുണങ്ങളുടെ നിറകുടം ആക്കിത്തീർക്കുകയാണ്. രണ്ടാം വത്തിക്കാൻ സുനഹദോസിൽ ഔദ്യോഗികമായി പങ്കെടുത്തവരിൽ ഇന്ന് ഇന്ത്യയിൽ ജീവിച്ചിരിക്കുന്ന ഏക വ്യക്തിയാണ് ക്രിസോസ്റ്റം തിരുമേനി എന്നത് ഏറെ ശ്രദ്ധേയമത്രെ. 2018 ഏപ്രിൽ മാസത്തിൽ ജന്മശതാബ്ദി തരണം ചെയ്യാൻ തയ്യാറെടുക്കുന്ന ക്രിസോസ്റ്റം തിരുമേനിക്ക് രാഷ്ട്രം നൽകിയ ഈ മംഗളോപഹാരം അർഹമായ സമയത്ത് അർഹനായ വ്യക്തിക്ക് ലഭിക്കുന്ന ഏറ്റവും അഭിമാനാർഹമായ ആദരവാണ് എന്നതിൽ സഭ അഭിമാനം കൊള്ളുന്നു. ദൈവകൃപയിൽ ശരണപ്പെട്ട് ജീവിതത്തിന്റെ ഓരോ നിമിഷത്തേയും ചൈതന്യവത്താക്കുന്ന വലിയ തിരുമേനിക്ക് ആയുരാരോഗ്യ സൗഖ്യവും അഭിനന്ദനവും ആശംസകളും നേർന്നു കൊള്ളുന്നു.

നീലേശ്വരം മാർത്തോമ്മാ ഇടവകാംഗമായ ഷിബുഭവനിൽ ഷിബുവും ഭാര്യയും അമ്മയും ഒരു ഭക്ഷ്യവിഷബാധയെത്തുടർന്ന് ന്യൂസിലണ്ടിലെ ഹാമിൽട്ടൺ ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന വിവരം അവിടെയുള്ള മാർത്തോമ്മാ സഭയുടെ ചെറിയകൂട്ടം വിശ്വാസസമൂഹം നമ്മെ അറിയിച്ചപ്പോൾ നമ്മുടെ സംസ്ഥാന ഗവൺമെന്റിനെയും കേന്ദ്രഗവൺമെന്റിനെയും നാം വിവരമറിയിക്കുകയും വേണ്ട എല്ലാ ചികിത്സയും പരിചരണവും ലഭിക്കുന്നതിന് ന്യൂസിലണ്ടിലെ ഇൻഡ്യൻ ഹൈക്കമ്മീഷണറും അവിടുത്തെ കോൺസിലേറ്റും വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയുണ്ടായി. ഇന്ത്യൻ ഹൈക്കമ്മീഷണർ തന്നെ ആ കുടുംബത്തെ ആശുപത്രിയിൽ ചെന്നു കണ്ട് എല്ലാ കൈത്താങ്ങലും നൽകുകയുണ്ടായി എന്നത് ശ്രദ്ധേയമത്രെ. ഇപ്പോൾ ആ കുടുംബം സുഖം പ്രാപിച്ച് വീട്ടിലേക്ക് മടങ്ങി. ഫെബ്രുവരി ആദ്യവാരം നാട്ടിലെത്തുവാനുള്ള ക്രമീകരണം ഇപ്പോൾ ചെയ്തുവരികയാണ്. ഇന്ത്യൻ ഹൈക്കമ്മീഷണറിൽ നിന്ന് നമുക്ക് ലഭിച്ച കത്തിൽ ഇപ്രകാരം എഴുതിയിരുന്നു. - ""As per the letter received from Prime Minister's office

forwarding the request of Dr. Joseph Mar Thoma Metropolitan for providing all help and best treatment to Sri. Shibu Kochumman, his wife Smt. Subi Babu and his mother Smt. Alekutty Daniel who are hospitlized at Waikato Hospital, Hamilton, Newzeland'' കഴിഞ്ഞ നാളുകളിൽ അനേകായിരങ്ങൾ ഈ കുടുംബത്തിന് വേണ്ടി പ്രാർത്ഥിച്ചതു കൊണ്ടു കൂടിയാണ് ഇപ്രകാരം ഒരു സൗഖ്യത്തിലേക്ക് എത്തിച്ചേരുവാൻ ഈ പ്രിയപ്പെട്ടവർക്ക് കഴിഞ്ഞത് എന്ന നാം വിശ്വസിക്കുന്നു.

എറണാകുളത്ത് ആസ്റ്റർ മെഡിസിറ്റി ഹോസ്പിറ്റലിൽ വിദഗ്ദ്ധ പരിചരണത്തിനായി പ്രവേശിപ്പിക്കപ്പെട്ട നമ്മുടെ ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തായ്ക്ക് ആ ഹോസ്പിറ്റലിൽ തന്നെ ഇപ്പോഴും ചികിത്സ തുടർന്നു വരികയാണ്. കഴിഞ്ഞ ലക്കത്തിൽ എഴുതിയപോലെ തന്നെ, നിരുത്തരവാദിത്വപരവും അവാസ്തവികവും വ്യാജവുമായ വാർത്തകളുടെ ആഘോഷം തന്നെ തിരുമേനിയുടെ ചികിത്സയുമായി ബന്ധപ്പെട്ട് നടന്നു വരുന്നത് ദുഃഖകരവും അനഭിലഷണീയവുമായ ഒരു പ്രവണതയാണെന്ന് ഓർമ്മിപ്പിക്കട്ടെ. ഡയാലിസിസ് പരിചരണമാണ് പ്രധാനമായും തിരുമേനിക്ക് നൽകിക്കൊണ്ടിരിക്കുന്നത് എന്നത് കൊണ്ട് അതുമായി ബന്ധപ്പെട്ട മറ്റു സാധ്യതകൾ ആശുപത്രിയിലെ ഉത്തരവാദിത്വപ്പെട്ടവർ ആരാഞ്ഞിരുന്നു എങ്കിലും അവിടെത്തന്നെ ചികിത്സ തുടരുന്നതിനാണ് നാം നിർദ്ദേശം നൽകിയത് എന്ന സത്യാവസ്ഥ എല്ലാവരുടെയും ശ്രദ്ധയ്ക്കായ് അറിയിക്കുന്നു. തിരുമേനിയോടുള്ള ആദരവും സ്നേഹവും വ്യാജവാർത്തകൾ സൃഷ്ടിച്ചുകൊണ്ടല്ല പ്രകടിപ്പിക്കേണ്ടത്; തിരുമേനിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുന്നതിലൂടെയാവണം വെളിപ്പെടുത്തേണ്ടത് എന്നും ഓർമ്മിപ്പിക്കട്ടെ.

നമ്മുടെ കാസർകോട്ടുള്ള മാർത്തോമ്മാ കോളേജ് ഫോർ ഹിയറിങ്ങ് ഇംപെയേർഡ്, ചർക്കളായിൽ ബി.കോമിൽ തന്നെ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ പഠനം പൂർത്തീകരിച്ച രണ്ട് ബാച്ച് പുറത്തിറങ്ങുകയുണ്ടായി. അവിടെയുണ്ടായിരുന്ന ഹയർസെക്കൻഡറി സ്കൂൾ ഫോർ ഡെഫിന്റെ സഹകരണത്തോടെയാണ് കോളേജ് പ്രവർത്തിച്ചിരുന്നത്. കോളേജിന് സ്വന്തമായി കെട്ടിടം ഇല്ലാതിരുന്നതിനാലും ഭരണകാര്യങ്ങളിൽ ചില വീഴ്ചകൾ സംഭവിച്ചതിനാലും അഫിലിയേഷൻ തന്നെ നഷ്ടപ്പെടുന്ന ഒരു സാഹചര്യം ഇടക്കാലത്ത് വന്നു ഭവിക്കയുണ്ടായി. എന്നാൽ ഇപ്പോൾ 2 കോടി രൂപ ചെലവ് ചെയ്ത് നിർമ്മിച്ച പുതിയ കോളേജ് കെട്ടിടത്തിന്റെ കൂദാശ ജനുവരി 17 ന് നാം നിർവ്വഹിക്കുകയുണ്ടായി. മാർത്തോമ്മാ സഭാ കൗൺസിലിന്റെ നിർദ്ദേശപ്രകാരം കാസർകോട്ടുള്ള നമ്മുടെ സ്കൂളും കോളേജും മെത്രാപ്പോലീത്ത ഏറ്റെടുക്കുകയും തുടർന്ന് ഒരു അഡ്ഹോക് കമ്മിറ്റിയെ നിയോഗിക്കുകയും അതിനെ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഈ സംരംഭത്തിൽ സാമ്പത്തികമായി കൈത്താങ്ങൽ നൽകിയ ദുബായ് ഇടവകയേയും സഹകരിച്ച ഏവരേയും പ്രത്യേകം അഭിന്ദിക്കുന്നു. കോളേജിന്റെയും സ്കൂളിന്റെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ നാം നിർദ്ദേശം നൽകിയതനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലകൾ ഉൾപ്പെടെയുള്ള ചുമതലകൾ ഏറ്റെടുത്ത് ഫലപ്രദമായി നിർവ്വഹിച്ച റവ. ഏ. ജി. മാത്യു അച്ചനോടും ഡോ. തോമസ് ഫിലിപ്പിനോടുമുള്ള അഭിനന്ദനങ്ങൾ അറിയിക്കുന്നു. നാട്ടുകാരിൽ നിന്ന് ലഭിക്കുന്ന സഹകരണങ്ങൾക്കും നന്ദി. പുതിയ കോഴ്സുകൾ കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ ആഗ്രഹിക്കുന്നു.

നമ്മുടെ നന്ദമുക്ക് സ്കൂളിലെ രണ്ട് സ്മാർട്ട് ക്ലാസ്റൂമുകളുടെയും ചണ്ണപ്പേട്ട സ്കൂളിന്റെ ആറ് സ്മാർട്ട് ക്ലാസ്റൂമുകളുടെയും കൂദാശ ജനുവരി മാസം നിർവ്വഹിക്കാൻ സാധിച്ചു. എറികാട് മോറിയ, പെരിനാട് ഇഞ്ചവിള, വള്ളംകുളം സെന്റ് ലൂക്ക്സ് എന്നീ പള്ളികളുടെ കൂദാശ നിർവ്വഹിക്കുവാനും ജനുവരി മാസം കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്.

കേരളത്തിലെ മൂന്ന ഭദ്രാസനങ്ങളുടെ ചുമതല ഏറ്റെടുക്കേണ്ടി വന്ന പശ്ചാത്തലത്തിൽ കൗൺസിൽ രൂപീകരണവും കൗൺസിൽ യോഗങ്ങളും നടത്തുകയുണ്ടായി. കേരളത്തിലെ വിവിധ കോളേജുകളുടെ ഗവേണിംഗ് ബോർഡിലേക്കുള്ള നോമിനേഷൻ പൂർത്തിയാക്കുവാൻ സാധിച്ചു. മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റ് ഗവേണിംഗ് ബോർഡും രൂപീകരിക്കുകയുണ്ടായി.

ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്ത ആശുപത്രിയിൽ തുടരുന്നതിനാൽ റാന്നി - നിലയ്ക്കൽ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷന്റെ ചുമതലകൾ കൂടി മാർത്തോമ്മാ സഭയുടെ ഭരണഘടനയുടെ 63-ാം വകുപ്പ് പ്രകാരം നാം ഏറ്റെടുക്കേണ്ടിവന്നു. ആ ഭദ്രാസനവുമായി ബന്ധപ്പെട്ട എല്ലാ കത്തിടപാടുകളും നടപടികളും ഭദ്രാസന ഓഫീസ് മുഖേന നാമുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ടതാണ് എന്നറിയിക്കട്ടെ. സീറോ മലബാർ സഭയുടെ ആഭിമുഖ്യത്തിൽ പാലാരിവട്ടം കാതലിക് പള്ളിയിൽ നടന്ന യൂണിറ്റി ഓക്ടേവിന്റെ യോഗത്തിൽ കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരിയുടെ പ്രത്യേകക്ഷണപ്രകാരം പങ്കെടുക്കുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

തിരുവനന്തപുരം-കൊല്ലം, കോട്ടയം-കൊച്ചി, റാന്നി-നിലയ്ക്കൽ, കൊട്ടാരക്കര-പുനലൂർ, ചെങ്ങന്നൂർ- മാവേലിക്കര എന്നീ ഭദ്രാസന കൺവൻഷനുകളുടെയും നിരണം- മാരാമൺ ഭദ്രാസനത്തിന്റെ മേഖലാ കൺവൻഷന്റെയും ഉദ്ഘാടനം നിർവ്വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

ഈ കഴിഞ്ഞ നാളുകളിൽ നമ്മുടെ മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിലെ സ്കൂളുകളിൽ ദുഃഖകരമായ മൂന്ന് സംഭവങ്ങൾ നടക്കുകയുണ്ടായി. തിരുവല്ല നിക്കോൾസൺ സ്കൂളിലെ വിദ്യാർത്ഥിനി വീട്ടിലുണ്ടായ ഒരു അപകടത്തെ തുടർന്ന് മരണപ്പെട്ടതായി വിവരം ലഭിച്ചു. സ്കൂളിൽ യാതൊരു വിധ പ്രയാസങ്ങളും ഉണ്ടാക്കിയിട്ടില്ലാത്ത നല്ല ഒരു കുട്ടിയായിട്ടാണ് ആ സ്കൂളിലെ അദ്ധ്യാപകർ ആ കുട്ടിയെപ്പറ്റി സാക്ഷ്യം പറഞ്ഞത്. ഓതറയിൽ എ.എം.എം സ്കൂളിലെ ഒരു കുട്ടി അവരുടെ പുരയിടത്തിൽ മത്സ്യം വളർത്തുവാൻ ഉണ്ടാക്കിയ കുളത്തിൽ വീണ് മരിച്ചുവെന്ന വിവരം ലഭിച്ചു. വേർപാടിന്റെ വേദന അനുഭവിക്കുന്ന രണ്ട് കുടുംബങ്ങളോടുമുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു. ഈ അദ്ധ്യയന വർഷത്തിന്റെ പ്രാരംഭ നാളുകളിൽ വെണ്മണി ശാലേം യു.പി. സ്കൂളിൽ റെയിലിംഗ്സിന്റെ ഇഷ്ടിക അടർന്ന് വീണ് ഒരു കുട്ടിയുടെ കാലിലെ രണ്ട് വിരലുകൾ നഷ്ടമായി എന്നത് ദുഃഖകരമായ ഒരു വാർത്തയത്രെ. നമ്മുടെ കുട്ടികൾ കൂടുതൽ ഉത്തരവാദിത്വബോധമുള്ളവരായി വളരുന്നതിൽ

## അറിയിപ്പ്

എറണാകുളം മാർത്തോമ്മാ ഗൈഡൻസ് സെന്ററിന് കേന്ദ്ര മാനവവിഭവശേഷി വകുപ്പിന്റെ കീഴിൽ ഒരു സ്റ്റേറ്റ് റിസോഴ്സ് സെന്ററായി കൗൺസിലിംഗ് സൈക്കോളജി സർട്ടിഫിക്കറ്റ് കോഴ്സുകളും പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമാ കോഴ്സുകളും തുടങ്ങാനുള്ള അനുവാദം ലഭിച്ചിരിക്കുന്നു എന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. 2018 മാർച്ചിൽ ഈ കോഴ്സുകളിലേക്കുള്ള പ്രവേശനം ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സെന്റർ ഡയറക്ടർ **റവ. ജോർജ്ജ് വർഗ്ഗീസ്** അച്ചനുമായി ബന്ധപ്പെടേണ്ടതാണ്.

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

മാതാപിതാക്കൾ ഏറെ ജാഗ്രത പുലർത്തേണ്ട ഒരു കാലഘട്ടമാണിത് എന്നോർമ്മിപ്പിക്കട്ടെ.

2018ലെ മാരാമൺ കൺവൻഷൻ സമാഗതമായിരിക്കുന്നു. അനുഗൃഹീതരായ സുവിശേഷ പ്രസംഗകർ പ്രഭാഷണം നടത്തുന്ന ഈ യോഗങ്ങളെല്ലാം അനുഗ്രഹിക്കപ്പെടുവാൻ ദൈവകൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. ആരാധനാ സ്ഥലത്തേക്ക് വരുന്നു എന്ന ഭവ്യതയോടെ പ്രാർത്ഥനാ പൂർവ്വമായ ഒരുക്കത്തോടുകൂടി ശുഭ്രവസ്ത്രധാരികളായി വേഷഭൂഷാദികളിൽ ലാളിത്യം പാലിച്ച് വിശ്വാസസമൂഹം മാരാമണ്ണിൽ വന്ന് വചനകേൾവിയുടെ ധന്യത ഉൾക്കൊള്ളണമെന്ന് അറിയിക്കട്ടെ. മാരാമൺ മണൽപ്പുറം സംശുദ്ധമായി സംരക്ഷിക്കുന്നതിൽ ഏവരും ജാഗ്രത പുലർത്തണം. പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും മണൽപ്പുറത്ത് ഇടാതെ ശ്രദ്ധിക്കണം. ലഹരിപദാർത്ഥങ്ങൾ എല്ലാം ഉപേക്ഷിച്ച് പൂർണ്ണ സമർപ്പണത്തോടെ വേണം മാരാമണ്ണിൽ എത്തിച്ചേരാൻ. ഈ വർഷത്തെ വചനകേൾവി അനുതാപത്തിനും മാനസാന്തരത്തിനും വചനത്താലുള്ള ജീവിത പുതുക്കത്തിനും മുഖാന്തരമായി തീരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ നൂറ്റാണ്ടിൽ മാരാമൺ കൺവൻഷനിൽ ഉദ്ഘോഷിക്കപ്പെട്ട മുഖ്യ ചിന്താവിഷയം ക്രിസ്തു കേന്ദ്രീകൃതവും സ്രഷ്ടാവിൽ കേന്ദ്രീകൃതവും ആയിരുന്നു. ദൈവരാജ്യം ഇരുപതാം നൂറ്റാണ്ടിൽ തന്നെ സാദ്ധ്യമാകുമെന്ന വിശ്വാസം അക്കാലത്ത് മുഴങ്ങി കേട്ടിരുന്നു. എന്നാൽ ലോകത്തിന്റെ മായകളിലും പ്രലോഭനങ്ങളിലും കുടുങ്ങിപ്പോയ മനുഷ്യന്റെ പ്രവർത്തനങ്ങൾ പ്രതീക്ഷകളുടെ തിരിനാളങ്ങളെ കെടുത്തിക്കളയുന്ന വിധത്തിലായിരുന്നു. മതവിദ്വേഷത്തിന്റെയും വർഗീയതയുടെ അഴിഞ്ഞാട്ടത്തിന്റെയും അവശവിഭാഗങ്ങളോടുള്ള ക്രൂരതയുടെയും സ്ത്രീകളോടും കുഞ്ഞുങ്ങളോടുമുള്ള പെരുമാറ്റത്തിലുള്ള അപമര്യാദയുടെയും വ്യക്തിഹത്യയുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള അവഗണനയുടെയും പ്രവണതകൾ ആണ് നമ്മുടെ സ്വപ്നങ്ങളെ കെടുത്തിക്കളഞ്ഞത് എന്നത് ഒരു യാഥാർത്ഥ്യമത്രെ. മീഖാ പ്രവാചകൻ പറയുന്നു- "ഹേ മർത്ത്യാ, നല്ലതെന്തെന്ന് അവൻ നിനക്ക് കാണിച്ചു തന്നിരിക്കുന്നു, ന്യായം പ്രവർത്തിപ്പാനും ദയാതൽപ്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനുമല്ലാതെ എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നത്" ( മീഖാ. 6:8). ഈ സന്ദർഭത്തിൽ അഖിലലോക സഭാ കൗൺസിലിന്റെ രണ്ട് മീറ്റിംഗിലെ സന്ദേശങ്ങൾ നാം ചേർത്ത് വച്ച് പ്രാർത്ഥിക്കേണ്ടതാണ്. "ആകയാൽ കൃപാലുവായ കർത്താവേ, തവകൃപയാൽ ഭൂലോകത്തെ രൂപാന്തരപ്പെടുത്തേണമേ". ഇത് സാദ്ധ്യമായിത്തീരാനുള്ള ബലം പ്രാപിക്കുന്നത് രണ്ടാമത്തെ പ്രാർത്ഥന കൂടി അർത്ഥവത്തായി തീരുമ്പോഴാണ്. "ജീവന്റെ ദൈവമേ, നീതിയുടെയും സമാധാനത്തിന്റെയും പാതയിൽ വിനയാന്വിതരായി നടന്ന് ഈ ലോകത്തിൽ അഭിമാനകരവും ധന്യവുമായ ജീവിതം നയിപ്പാൻ ഇടയാക്കേണമേ". ഈ രണ്ട് പ്രാർത്ഥനകളും സഫലീകരിക്കപ്പെടുമ്പോൾ ക്രിസ്തുവിൽ ദൈവത്തിന്റെ മനുഷ്യമുഖം ലോകം ദർശിച്ച പോലെ നമ്മിലും ക്രിസ്തുവിന്റെ മുഖം ലോകം ദർശിപ്പാനും ഈ വെളിച്ചത്തിലൂടെ ലോകത്തിന്റെ അന്ധകാരം നീക്കുവാനും നമുക്ക് കഴിയും.

ഫെബ്രുവരി മാസത്തിന്റെ ധ്യാനങ്ങളിലേക്ക് നാം പ്രവേശിക്കുമ്പോൾ ഫെബ്രുവരി 4-ാം തീയതി ഞായറാഴ്ച്ച നാം ചിന്തിക്കുന്നത് യേശു നൽകുന്ന സമഗ്രമായ സൗഖ്യത്തെക്കുറിച്ചാണ്. മെഡിക്കൽ മിഷൻ ഞായറായി അന്ന് വേർതിരിച്ചിരിക്കുകയാണ്. വലിയ നോമ്പിൽ നാം ധ്യാനിക്കുന്ന മൂന്ന് ധ്യാനങ്ങൾ സമഗ്രമായ സൗഖ്യവുമായി ബന്ധപ്പെട്ടതാണ്. കുഷ്ഠരോഗി യേശുവിന്റെ അടുക്കൽ വന്ന് "നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും" എന്ന് അപേക്ഷിക്കുന്ന രംഗം വളരെ ഹൃദയസ്പർശിയാണ്. തന്റെ ബാല്യക്കാരനു വേണ്ടി അപേക്ഷിക്കുവാൻ യേശുവിന്റെ അടുക്കൽ തന്റെ ആൾക്കാരെ അയയ്ക്കുന്ന ശതാധിപൻ 'എന്റെ ഒരു യോഗ്യതയും കൊണ്ടല്ല നിന്റെ കൃപകൊണ്ടാണ് എന്റെ ദാസൻ സൗഖ്യമാകേണ്ടത്' എന്നും 'നിന്റെ ഒരു വാക്കിന് എന്റെ ബാല്യക്കാരന് സൗഖ്യം വരും' എന്നും പ്രഖ്യാപിക്കുന്ന വിശ്വാസം എത്രയോ ആഴമുള്ളതാണ്. കഫർന്നഹൂമിൽ ഒരു പക്ഷവാതക്കാരനെ നാലുപേർകൂടി ഒരു കിടക്കയിൽ ചുമന്ന് വീടിന്റെ മേൽപ്പുര പൊളിച്ച് തന്റെ മുന്നിൽ ഇറക്കി വെക്കുമ്പോൾ നാലു പേരുടെ വിശ്വാസം കണ്ടിട്ട് പക്ഷവാതക്കാരനെ സൗഖ്യമാക്കുന്ന യേശു സൗഖ്യം ലഭിച്ചവനോട് അവനെ കൊണ്ടുവന്ന കിടക്ക അവൻ തന്നെ ചുമന്നു കൊണ്ട് ഭവനത്തിലേക്ക് നടന്നു പോകാൻ കൽപിക്കുകയാണ്. ഈ രംഗങ്ങളിൽ എല്ലാം നാം കാണുന്നത് വിശ്വാസത്താലുള്ള സൗഖ്യത്തിലേക്കുള്ള വഴികളാണ്. വലിയ നോമ്പിന്റെ കാലഘട്ടത്തിൽ നമുക്ക് ലഭിക്കുന്ന ദൂതുകൾ വചനത്തിന്റെ ആഴങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നതാവട്ടെ. യേശുവിന്റെ നസ്രേത്ത് മാനിഫെസ്റ്റോ യേശുവിന്റെ ദൗത്യ ദർശനത്തിന്റെ ഒരു പ്രഖ്യാപനമാണ്. ദരിദ്രരോട് സുവിശേഷം അറിയിപ്പാനുള്ള തന്റെ ദൗത്യത്തെ ആണ് യേശു അതിലൂടെ വിളംബരം ചെയ്യുന്നത്. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നു കഴിയുന്നവരെയും പലവിധമായ ബന്ധനങ്ങളിൽ കുടുങ്ങി കഴിയുന്നവരേയും ശാരീരികമായും മാനസികമായും സാമൂഹികമായും ആത്മീയമായും വെല്ലുവിളികൾ നേരിടുന്നവരേയും കുറ്റം ചെയ്യാതെ തന്നെ കുറ്റക്കാരായി മുദ്ര കുത്തപ്പെടുന്നവരേയും സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരായി വേദനകൾ ഏറ്റു വാങ്ങേണ്ടിവരുന്ന ഭിന്നശേഷിക്കാരെയും ഭിന്നവർഗ്ഗക്കാരെയുമെല്ലാം ഉൾക്കൊണ്ട് അവരിലേക്കെല്ലാം വചനത്തിന്റെ ആത്മാവിലുള്ള സമഗ്രമായ സൗഖ്യം പകരുവാനുള്ള സഭയുടെ ദൗത്യത്തിന്റെ ഒരു ചൂണ്ടുപലകയായി നസ്രേത്ത് മാനിഫെസ്റ്റോയെ കാണേണ്ടതുണ്ട്. നോമ്പിന്റെ നാളുകൾ പുതിയ ദർശനങ്ങൾ ഏറ്റു വാങ്ങാൻ നാം ദൈവകൃപ പ്രാപിക്കേണ്ടതാണ്. നിറവും മണവും ഗുണവും ഇല്ലാത്ത പച്ചവെള്ളം കാനാവിലെ കല്യാണവീട്ടിൽ ക്രിസ്തുവിന്റെ വചനത്താൽ നിറവും മണവും ഗുണവും ഉള്ള വീഞ്ഞായി രൂപാന്തരപ്പെട്ടതുപോലെ വചനത്താൽ രൂപാന്തരപ്പെടുവാൻ നമുക്കും കഴിയണം. നോമ്പ് ഒരു നിരപ്പിന്റെ അനുഭവത്തിലേക്ക് നമ്മെ നയിക്കുന്ന അനുഭവമാവണം. നാം ദൈവത്തോടും അപരനോടും നമ്മോടുതന്നെയും നിരപ്പ് പ്രാപിക്കുമ്പോളാണ് ശരിയായ സൗഖ്യത്തിലേക്ക് നാം വളരുന്നത്.

നമുക്ക് ജീവനുണ്ടാകുവാനും സമൃദ്ധിയായ ജീവനുണ്ടാകുവാനും കുരിശിൽ തന്റെ ജീവനെ പരമയാഗമായി നൽകിയ ക്രിസ്തു നമ്മെ സമൃദ്ധിയായ ജീവന്റെ അനുഭവങ്ങളിലേക്ക് നയിക്കുവാൻ ഇന്നും ആഗ്രഹിക്കുമ്പോൾ ഈ ക്രിസ്തുവിനെ ഉൾക്കൊണ്ട് ജീവന്റെ അനുഭവങ്ങളിലേക്ക് വളരുവാനും സഭയിലേക്കും സമൂഹത്തിലേക്കും ആ ജീവന്റെ പ്രകാശം പകരുവാനും നിശ്ചയമായും നമുക്ക് കഴിയണം. ഈ അനുഭവത്തിലേക്ക് വരണമെങ്കിൽ ശരിയായ അനുതാപം നമുക്ക് ഉണ്ടാവണം. ദൈവസന്നിധിയിൽ നമ്മുടെ കുറവുകൾ ഏറ്റു പറഞ്ഞ് നിലവിളിക്കുവാൻ നമുക്ക് കഴിയണം.

"എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചലോടും വിലാപത്തോടും കൂടെ എങ്കലേക്ക് തിരിവിൻ എന്ന് യഹോവയുടെ അരുളപ്പാട്; വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെത്തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിവിൻ; അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ളവനല്ലോ" (യോവേൽ 2:12,13)

കൃപ നിങ്ങളോടേവരോടും കൂടെ ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
25-01-2018

ഡോ. ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്താ